भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

AG 227988

4-5-2014 രണ്ടായിരത്തി പതിനാലാമാണ്ട് മെയ് മാസം നാലാം തീയ്യതി കണയന്നൂർ താലൂക്ക് പൂണിത്തുറ വില്ലേജ് വൈറ്റില. പി.ഒ വൈറ്റില ദേശത്ത് വടക്കേകുരികയിൽ വി.എസ്സ്. ആന്റണി മകൻ 41വയസ്സ് **ബിജു ആന്റണി** ഒന്നാംപാർട്ടിയായും;

കണയന്നൂർ താലൂക്ക് വാഴക്കാല വില്ലേജ് വാഴക്കാല ദേശത്ത് 11/315B-ാംനമ്പർ വീട്ടിൽ വെട്ടികാട്ട് ഹൗസിൽ വർഗ്ഗീസ് മകൻ 59വയസ്സ് Intersight Holidays Pvt Ltd - നുവേണ്ടി മാനേജിംഗ് ഡയറക്ടർ **എബ്രഹാം ജോർജ്ജ്** രണ്ടാംപാർട്ടിയായും പരസ്പരം സമ്മതി ച്ചെഴുതിയ വാടക കരാർ.

ഒന്നാംപാർട്ടി

ബിജു ആന്റണി

രണ്ടാംപാർട്ടി

എബ്രഹാം ജോർജ്ജ്

SUB TREASURY
- 7 APR 2014

മളിൽ ഒന്നാംപാർട്ടിവകയും ഒന്നാംപാർട്ടിയുടെ പൂർണ്ണാവകാശത്തിലും കൈവശത്തിലും ഇരിക്കുന്നതും സി.സി. 29/380A3-ാംനമ്പർ ഇട്ടിട്ടുള്ളകെട്ടിടം പ്രതിമാസം 39,930/-(മുപ്പത്തൊൻപതിനായിരത്തിതൊള്ളായിരത്തിമുപ്പത്)രൂപ വീതം രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് വാടക കൊടുത്തുകൊള്ളാമെന്ന് സമ്മതിച്ച് ഇന്നുമുതൽ (11) പതിനൊന്നുമാസത്തെ കാലാവധിക്ക് ടികെട്ടിടത്തിന്റെ താക്കോൽസഹിതം രണ്ടാം പാർട്ടിക്ക് Intersight Holidays Pvt Ltd - ന്റെബിസിനസ്സ് ആവശ്യം നടത്തുന്നതിനുവേണ്ടി ഒന്നാംപാർട്ടി കൊടുത്തിട്ടുള്ളതുമാകുന്നു. വാടക മുപ്പത്തൊൻപതിനായിരത്തിതൊള്ളായിരത്തിമുപ്പത്രൂപയും അതാതുമാസങ്ങളുടെ 1-ാംതീയ്യതികൾതോറും മുടക്കംകൂടാതെ ഒന്നാംപാർട്ടിക്ക് കൊടുത്ത് രണ്ടാംപാർട്ടി രശീത് വാങ്ങികൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു. തുടർച്ചയായിരണ്ടുമാസം വാടകയ്ക്ക്മുടക്കം വരുത്തിയാൽ കാലാവധിപരിഗണിക്കാതെ രണ്ടാംപാർട്ടിയെ ടികെട്ടിടത്തിൽനിന്നുംഒഴിവാക്കുന്നതിന് ഒന്നാംപാർട്ടിയ്ക്ക് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. ടി കെട്ടിടത്തിന് വേണ്ടി വരുന്ന റിപ്പയർമാറ്റങ്ങൾ മുതലായവ ഒന്നാം പാർട്ടിയുടെ രേഖാമൂലമായസമ്മതം കൂടാതെ രണ്ടാംപാർട്ടി ചെയ്യുവാൻ പാടില്ലാത്തതും പ്രസ്തുത കെട്ടിടം ഇപ്പോഴത്തെ ആകൃതിയിൽനിന്നുംപ്രകൃതി ഭേദപ്പെടുത്തുകയോ അന്യകൈവശം കൊടുക്കുകയോ കീഴ്വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുന്നതല്ലെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു ഈഏർപ്പാടിന്റെ കൂടുതൽ ഉറപ്പിലേയ്ക്കും സെക്യൂരിറ്റിയുമായി രണ്ടാംപാർട്ടി ICICI ബാങ്ക് 3-7-2012-ാംതീയതിയിലെ 091913-ാം നമ്പർ ചെക്കുപ്രകാരം ഒന്നാംപാർട്ടിയെ ഏല്പിച്ചിരിക്കുന്നതും ഒന്നാംപാർട്ടി കൈപറ്റിയിട്ടുള്ളതുമായ 5,00,000/-(അഞ്ചുലക്ഷം)രൂപ രണ്ടാംപാർട്ടി ടി കെട്ടിടം ഒഴിയുന്ന സമയം പലിശ ഇല്ലാതെ മടക്കിതന്നുകൊള്ളാമെന്ന് ഒന്നാംപാർട്ടിയും ടി സംഖ്യയ്ക്ക് പലിശവേണ്ടന്ന് രണ്ടാംപാർട്ടിയും പരസ്പരം സമ്മതിച്ചിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിൽ രണ്ടാംപാർട്ടി ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുടെസംഖ്യ മേൽപറഞ്ഞ വാടകയെബന്ധിപ്പിക്കാതെ നേരിട്ടടച്ച് രശീത്വാങ്ങി യഥാസമയം ഒന്നാംപാർട്ടിയെ ഏല്പിച്ചുകൊള്ളാമെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. ടികെട്ടിടത്തിൽ സ്ഫോടകവസ്തുക്കളോ അനധികൃതലഹരി പദാർത്ഥങ്ങളോ നിയമാനുസൃതമല്ലാതെയാതൊന്നും സൂക്ഷിക്കുകയോ കച്ചവടം ചെയ്യുകയോ ചെയ്യുന്നതല്ലെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. നിയമവിരുദ്ധ പ്രവൃത്തികൾ

ചെയ്യുകയോചെയ്യുന്നതല്ലെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. ടികെട്ടിടത്തിലെ ഇലക്ട്രിക്,വാട്ടർഫിറ്റിംഗ്സുകൾക്കും അവയുടെ കണക്ഷനുകൾക്കും വല്ലകേടുപാടു കൾ സംഭവിച്ചാൽ രണ്ടാംപാർട്ടിയുടെ കയ്യിനാൽ ശരിയാക്കി ഇടേണ്ടതുമാകുന്നു. മാസവാടകകൃത്യമായി നൽകാതെ ബാക്കിനിർത്തിയാലും ടി കെട്ടിടത്തിന് വല്ല കേടുപാടുകളും വരുത്തിയാലും ഈകരാറിലെ വ്യവസ്ഥകൾക്കു വിപരീതമായി രണ്ടാംപാർട്ടി വല്ലപ്രവർത്തികൾ ചെയ്താലും കാലാവധിയ്ക്കുമുൻപായി രണ്ടാം പാർട്ടിയെ ടികെട്ടിടത്തിൽനിന്നും ഒഴിവാക്കാവുന്നതും ബാക്കിനിർത്തിയവാടകയും ടി കെട്ടിടത്തിന് കേടുപാടുകൾക്കുള്ള നഷ്ടപരിഹാരവും രണ്ടാംപാർട്ടിയിൽനിന്നും വസൂലാക്കാവുന്നതും ആകുന്നു. അവധി തികയുംദിവസം യാതൊരുതടസ്സവാദങ്ങളും ഉന്നയിക്കാതെകെട്ടിടം അതിന്റെതാക്കോൽ സഹിതം വിട്ടൊഴിഞ്ഞ് ഒന്നാംപാർട്ടിയുടെ യഥാർത്ഥ കൈവശം തന്നുകൊള്ളാമെന്നും അപ്രകാരം ചെയ്യാതെ വല്ലവ്യവഹാര ത്തിനോ മറ്റോഇടവരുത്തിയാൽ ആവകസകല നഷ്ടങ്ങളും രണ്ടാംപാർട്ടിയിൽനിന്നും ഒന്നാംപാർട്ടിയുടെയുക്തം പോലെ ഈടാക്കി എടുക്കാവുന്നതാണെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. കാലാവധിയ്ക്കുമുൻപായി ടികെട്ടിടത്തിൽനിന്നും ഒന്നാംപാർട്ടിയ്ക്ക് രണ്ടാംപാർട്ടിയെ ഒഴിപ്പിക്കണമെന്നുണ്ടെങ്കിലോ രണ്ടാംപാർട്ടിക്ക് തനിയെഒഴിഞ്ഞു പോകണമെന്നുണ്ടെങ്കിലോ രണ്ടുമാസത്തെ മുൻകൂർ നോട്ടീസുപ്രകാരം പരസ്പരം അറിയക്കേണ്ടതുമാകുന്നു. അപ്രകാരംഅറിയിപ്പുകിട്ടുന്നപക്ഷം നോട്ടീസിൽപറയും പ്രകാരം പ്രവൃത്തിക്കേണ്ടതുമാകുന്നു. കാലാവധി തീരുന്ന മുറയ്ക്ക് പരസ്പരസമ്മത പ്രകാരം ടികരാർ കാലാവധി പുതുക്കിടികെട്ടിടത്തിൽ തുടരുന്നതിന് ഇരുപാർട്ടികളും സമ്മതിച്ചിരിയ്ക്കുന്നു. മേൽനിശ്ചയങ്ങൾക്ക് വിപരീതമായി ഇരു പാർട്ടികളുംഎന്തെങ്കിലും പ്രവർത്തിച്ച് വല്ലവ്യവഹാരത്തിനും ഇടവരുത്തിയാൽ അതിൽ വച്ച്വരുവാൻകാണുന്ന സകലസംഖ്യയ്ക്കും നഷ്ടത്തിനും കരാറുലംഘിക്കുന്ന പാർട്ടി ഉത്തരവാദിത്വംവഹിച്ചു കൊള്ളാമെന്നും സമ്മതിച്ച് താഴെഎഴുതുന്ന സാക്ഷികൾ കാൺകെ ഈവാടക കരാറിൽ ഇന്നേദിവസം ഇരുപാർട്ടികളും ഒപ്പിട്ടിരിയ്ക്കുന്നു.

ഒന്നാംപാർട്ടി
ബിജു ആന്റണി
സാക്ഷികൾ:-
1.

രണ്ടാംപാർട്ടി
എബ്രഹാം ജോർജ്ജ്